ഭരണഭാഷ മാതൃഭാഷ

എൻ 4/32368/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 11/03/2019

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്രിസം സോഫ്റ്റ് വെയർ - ഓൺലൈൻ മൂഖേന പെൻഷൻ അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 29/01/2019, 15/02/2019, 23/02/2019 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലർ.

*******

ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓൺലൈനായി പരിശോധിച്ച് തീർപ്പാക്കുന്നതിനായി സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നിരുന്നാലും പ്രിസം വഴിയില്ലാതെ ധാരാളം അപേക്ഷകൾ ഈ ഓഫീസിൽ ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇനി മുതൽ പ്രിസം മൂഖേന അല്ലാതെ പെൻഷൻ അപേക്ഷകൾ സർക്കാർ കോളേജുകളിലോ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലോ സ്വീകരിക്കാൻ പാടുള്ളതല്ല. ഇതിനോടകം പ്രിസം മൂഖേന അല്ലാതെ സ്വീകരിച്ച പെൻഷൻ അപേക്ഷകൾ തുടർ നടപടികൾ പൂർത്തിയാക്കി 20/03/2019 -ന് മുമ്പായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി അപേക്ഷകളും നിർബന്ധമായും പ്രിസം മൂഖേന അയയ്ക്കേണ്ടതാണ്.

ഒപ്പ്/-
കെ. ജയചന്ദ്രൻ
അക്കൗണ്ട്സ് ഓഫീസർ (പെൻഷൻ)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.ടി. 13/3/19

0770303 GOVERNMENT OF KERALA